പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ --4336 19.10 .2011- ലെ മറുപടിക്ക്

## ലീഗൽ സെൽ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ | ശ്രീ. കെ. സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി) |
| (എ) വിദേശ രാജ്യങ്ങളിലെ ജയിലുകളിൽ കഴിയുന്ന മലയാളികളെ സഹായിക്കാൻ ലീഗൽ സെൽ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) വിദേശങ്ങളിൽ തൊഴിൽ സംബന്ധമായ കേസുകളിൽ കുടുങ്ങിയവരെയും മറ്റു നിയമപ്രശ്നങ്ങൾ നേരിടുന്നവരെയും സഹായിക്കുന്നതിലേയ്ക്കായി പ്രവാസി ലീഗൽ എയ്ഡ് സെൽ ആരംഭിക്കുന്നതിന് ആലോചനയുണ്ട്. |
| (ബി) ഇപ്പോൾ വിവിധ വിദേശ രാജ്യങ്ങളിലെ ജയിലുകളിൽ എത്ര മലയാളികൾ കഴിയുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ; | (ബി) വിദേശ രാജ്യങ്ങളിൽ ജയിലിൽ അകപ്പെടുന്ന മലയാളികളുടെ വിവരങ്ങൾ ബന്ധപ്പെട്ട രാജ്യങ്ങൾ സംസ്ഥാന സർക്കാരിന് ലഭ്യമാക്കാറില്ല എന്നതിനാൽ വിവിധ |

| | |
|---|---|
| | കുറ്റകൃത്യങ്ങളുടെ പേരിൽ ഗൾഫ് രാജ്യങ്ങളിലെ ജയിലുകളിൽ എത്ര മലയാളികൾ ഉണ്ട് എന്നതിനെ സംബന്ധിച്ച് കൃത്യമായ കണക്ക് സർക്കാരിന്റെ പക്കലില്ല. |
| (സി) നടപ്പിലാക്കാനുദ്ദേശിക്കുന്ന ലീഗൽ സെല്ലിന്റെ ഘടനയും ഉദ്ദേശലക്ഷ്യങ്ങളും വെളിപ്പെടുത്താമോ; | (സി) നടപ്പിലാക്കാൻ ആലോചനയുള്ള ലീഗൽ സെല്ലിന്റെ ഘടനയെക്കുറിച്ച് അന്തിമ തീരുമാനമായിട്ടില്ല. പ്രവാസി ലീഗൽ എയ്ഡ് സെല്ലിന്റെ പ്രവർത്തനം അതാത് എംബസ്സികളുടെ സഹകരണത്തോടെ മാത്രമെ നടപ്പിലാക്കുവാൻ കഴിയുകയുള്ളൂ. പ്രസ്തുത പദ്ധതിയിലൂടെ പ്രവാസികളെ അടിയന്തിര ഘട്ടങ്ങളിൽ സഹായിക്കുന്നതിലേക്കായി എംബസ്സികളിൽ അഡ്വക്കേറ്റുകളെ നിയമസഹായം നൽകുന്നതിലേയ്ക്കായി ചുമതലപ്പെടുത്തുന്നതിനും, നോർക്ക – റൂട്ട്സിന്റെ കോൾ സെന്ററിൽ നിയമോപദേശം ലഭ്യമാക്കത്തക്ക രീതിയിൽ നിയമ വിദഗ്ധരുടെ സഹായം ലഭ്യമാക്കുന്നതിനും പീഡിതർക്ക് എംബസിയിൽ എത്തിച്ചേരുന്നതിന് എംബസികൾ വഴി വാഹനങ്ങൾ ഏർപ്പാട് ചെയ്യുന്നതിനും ആണ് ഉദ്ദേശിച്ചിരിക്കുന്നത്. |

| | |
|---|---|
| | കൂടാതെ വിവിധ മലയാളി സംഘടനകൾ, വിദേശത്തുള്ള നോർക്ക - റൂട്ട്സിന്റെ റസിഡന്റ് റെപ്രസന്റേറ്റീവുകൾ/ കൺസൾട്ടന്റുകൾ, എന്നിവർ മുഖാന്തിരം പ്രവർത്തനം ഏകോപിപ്പിക്കാനും ആലോചനയുണ്ട്. |
| (ഡി) ലീഗൽ സെൽ എന്ന് നടപ്പിൽ വരുമെന്ന് വ്യക്തമാക്കാമോ; | (ഡി) ലീഗൽ സെൽ എന്ന് നടപ്പിൽ വരുമെന്നകാര്യം ഇപ്പോൾ തീരുമാനമായിട്ടില്ല. |
| (ഇ) ഇതിനകം ഇതിനായി എന്തെല്ലാം നടപടിക്രമങ്ങളാണ് പൂർത്തീകരിച്ചതെന്ന് വ്യക്തമാക്കാമോ? | (ഇ) പ്രവാസി ലീഗൽ എയ്ഡ് സെൽ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് വിശദമായ പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കുന്നതിന് നോർക്ക - റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ